
# പ്ലാച്ചിമടയിൽ ഭൂജലത്തിൽ മാലിന്യത്തിന്റെ തോത് കൂടുതലെന്ന് റിപ്പോർട്ട്


GOVERNMENT OF KERALA

GROUND WATER DEPARTMENT

Report on the monitoring of water levels and water quality in wells in and around the Hindusthan Coca Cola Factory at Plachimada, Palakkad district

May 2006

പാലക്കാട് : പ്ലാച്ചിമട കൊക്കകോള ഫാക്ടറി മൂലം ഫാക്ടറിക്ക് സമീപത്തെ ഭൂഗർഭജലത്തിൽ വൻതോതിൽ മാലിന്യത്തിന്റെ അളവു കണ്ടെത്തിതായി സംസ്ഥാന ഭൂജലവകുപ്പിന്റെ സംഘം നടത്തിയ പഠനം.പഠനത്തിന്റെ റിപ്പോർട്ട് കഴിഞ്ഞ വർഷം മേയിൽ പൂർത്തിയാക്കി സമർപ്പിച്ചെങ്കിലും ഇത് പുറത്തുവന്നത് പ്ലാച്ചിമടസമരക്കാരുടെ സമ്മർദത്താൽ അടുത്തിടെ മാത്രമാണ്.

2002 മുതൽ 2006 വരെയാണ് പ്ലാച്ചിമടയിലെ കൊക്കകോള ഫാക്ടറിക്ക് അകത്തെയും സമീപപ്രദേശങ്ങളിലെയും 21 കിണറുകൾ സംഘം പഠനവിധേയമാക്കിയത്.

കേന്ദ്ര ജലവിഭവ വകുപ്പും കേരള ഭൂജലവകുപ്പും മലിനീകരണനിയന്ത്രണബോർഡും നടത്തിയ വ്യത്യസ്ത പഠനങ്ങളിൽ കമ്പനിക്കനുകൂലമായും എതിരായും പഠനറിപ്പോർട്ടുകൾ വന്നിരുന്നെങ്കിലും ഈ റിപ്പോർട്ട് കമ്പനി പൂട്ടിയതിനുശേഷമായതിനാൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നു.

ഹൈക്കോടതി ചുമതലപ്പെടുത്തിയതനുസരിച്ച് കോഴിക്കോട്ടെ ജലവിഭവഗവേഷണപഠനകേന്ദ്രം ഡോ. ജെയിംസ് ചെയർമാനായി ജലപഠനം നടത്തിയെങ്കിലും കമ്പനിക്കനുകൂലമായി റിപ്പോർട്ട് വന്നിരുന്നു.വരൾച്ചബാധിതപ്രദേശമായ ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമടയിൽ കൊടിയ ജലക്ഷാമത്തനിടയിലും കോളകമ്പനിക്ക് പ്രതിദിനം 5 ലക്ഷം ലിറ്റർ ജലമൂറ്റാൻ ലഭ്യമാണെന്നാണ് സി. ഡബ്ലിയു. ആർ.ഡി.എം കണ്ടെത്തൽ. ഇതിന് വിരുദ്ധമായ വസ്തുതകളാണ് സംസ്ഥാന സർക്കാരിന്റെ തന്നെ മറ്റൊരു വകുപ്പ് കണ്ടെത്തിയിരിക്കുന്നത്.

അപകടകരമായ ഖര-ജലമാലിന്യം പ്ലാച്ചിമടകമ്പനിക്ക് സമീപത്തെ കിണറുകളിൽ വൻതോതിൽ അടിഞ്ഞതായാണ് പഠനത്തിന്റെ കണ്ടെത്തൽ. ഫാക്ടറിക്കു സമീപത്തെ കിണറുകളിൽ നിന്ന് വ്യത്യസ്തമായി ഖരമാലിന്യത്തിന്റെ അംശം അകലെയുള്ള കിണറുകളിൽ കുറവായതാണ് കോള കമ്പനി കൊണ്ടുണ്ടാകുന്ന മാലിന്യപ്രശ്നം വ്യക്തമാക്കിയത്. ഫാക്ടറി പ്രവർത്തിച്ചിരുന്ന കാലത്തും അല്ലാത്തപ്പോഴും വ്യത്യസ്തമായ പഠനറിപ്പോർട്ടാണ് ലഭിച്ചതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.2004ലാണ് കമ്പനി താൽകാലികമായി പ്രവർത്തനം നിർത്തിയത്.

പഠനത്തിന് വിധേയമാക്കിയ 21ൽ 2 കുഴൽകിണറുകളും ഉൾപെട്ടിരുന്നു. ഇവയിൽ 2 കിണറുകളും 6 കുഴൽകിണറുകളും കോളകമ്പനിയുടേതാണ്. ഇതിലെയും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ക്ലോറൈഡ്, വൈദ്യുതി ചാലകത എന്നിവ അനുവദനീയ അളവിൽനിന്ന് കൂടുതലാണ് കണ്ടത്. ക്ലോറൈഡ് അംശം 1000 വേണ്ടിടത്ത് 1552 ആണ് കണ്ടതെങ്കിൽ ഫാക്ടറി പൂട്ടിയശേഷമുള്ള ഖരമാലിന്യ അളവ് മെച്ചപ്പെട്ടതായി പഠനം പറയുന്നു.കോള കമ്പനി ജലമൂറ്റിയതുമൂലം ഭൂഗർഭജലത്തിന്റെ അളവിലും പ്രദേശത്ത് കുറവ് കണ്ടെത്തി.ഫാക്ടറി പൂട്ടിയതിനുശേഷം അകലെയുള്ള കിണറുകളിലേക്ക് മാലിന്യത്തിന്റെ തോത് പരന്നതായും പഠനം പറയുന്നു.

ഇതൊക്കെയാണെങ്കിലും കമ്പനിക്ക് അനുകൂലമായി വ്യാഖ്യാനിക്കാവുന്ന സൂചനകളും റിപ്പോർട്ടിലുണ്ട്. പഠനത്തിന് തിരഞ്ഞെടുത്തകാലം ചുരുങ്ങിയതാണെന്ന് പഠനത്തിൽ പരാമർശമുണ്ട്. മലിനീകരണപ്രശ്നം ഇതുവരെയും സംസ്ഥാന സർക്കാർ ഗൗരവമായി കോടതികൾക്കുമുന്നിൽ ഉന്നയിച്ചിട്ടില്ല എന്നതും വലിയ പോരായ്മയാണ്.

# പ്ലാച്ചിമട സമരത്തെ സർക്കാർ സഹായിക്കും – മുഖ്യമന്ത്രി

തിരുവനന്തപുരം : പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമരസമിതിയും ഐക്യദാർഢ്യ സമിതിയുമായി മുഖ്യമന്ത്രി തിരുവനന്തപുരത്തു നടത്തിയ ചർച്ചയിൽ കോളയ്ക്കെതിരായ നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കേസിന്റെ വിജയത്തിനായി വേണ്ടത് ചെയ്യുമെന്ന് ഉറപ്പ് നല്കി. പ്രഖ്യാപിച്ചിരുന്ന വിളയോടി വേണുഗോപാലിന്റെ അനിശ്ചിതകാല നിരാഹാരസമരം മാറ്റിവെയ്ക്കാൻ ധാരണയായി. 2002 ഏപ്രിൽ 22 മുതൽ കമ്പനിപ്പടിയ്ക്കൽ തദ്ദേശ വാസികളും സാമൂഹ്യ പ്രവർത്തകരും തുടരുന്ന സമരത്തിൽ ആദ്യമായാണ് മുഖ്യമന്ത്രിയുമായി ഔദ്യോഗിക ചർച്ച നടന്നത്. 1998-2000 ലെ ഇടതുഭരണത്തിലാണ് കൊക്കകോള കമ്പനിയെ പ്ലാന്റ് തുടങ്ങാൻ ക്ഷണിച്ചുവരുത്തിയത്. കമ്പനി താല്ക്കാലികമായി അടഞ്ഞു കിടക്കുകയാണെങ്കിലും മലിനീകരണ പ്രശ്നവും അമിത ജലചൂഷണവും മറ്റ് അനേകം യാതനകളും പ്ലാച്ചിമടയിൽ തുടരുകയാണ്. ഇതേസമയം സമര പ്രവർത്തകരുടെ സംയുക്ത യോഗത്തിൽ വിജയം നേടുംവരെ പ്ലാച്ചിമട സമരം തുടരാൻ ധാരണയായിട്ടുണ്ട്.

# കോള ഇന്ത്യയിൽ 250 ദശലക്ഷം ഡോളർ നിക്ഷേപമിറക്കും


Coca-Cola looks to India for global services

ദൽഹി : കൊക്കകോള ഇന്ത്യ വൈവിധ്യവൽക്കരണത്തിനും പുതിയ ഉല്പന്നങ്ങൾക്കുമായി (ഊർജ്ജപാനീയം, കായിക പാനീയം, പഴച്ചാർ തുടങ്ങിയവ) പുതുതായി 250 ദശലക്ഷം ഡോളർ നിക്ഷേപമിറക്കുമെന്ന് പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു. പുതിയ മുഖം നല്കാൻ പുതിയ ലോഗോയും ഇറക്കിയിട്ടുണ്ട്. കൊക്ക കോളയ്ക്കെതിരായി പ്ലാച്ചിമടയിലും മെഹതി ഗെഞ്ചിലും മറ്റനേകം സ്ഥലങ്ങളിലും സമരം ശക്തിപ്പെടുമ്പോഴാണ് ഈ നീക്കം. (വാർത്ത 'ദി ഹിന്ദു' ആഗസ്റ്റ് 18, 2007)

# പ്ലാച്ചിമടയ്ക്കായി അഖിലേന്ത്യാ ഐക്യദാർഢ്യ സമിതി, നിയമനിർമ്മാണം വേണമെന്ന് സമ്മേളനം

ദൽഹി : പ്ലാച്ചിമടയിലെ ജലം അടക്കമുള്ള അടിസ്ഥാന വിഭവങ്ങൾ കൈകാര്യം ചെയ്യാനുള്ള അധികാരം ഗ്രാമസഭയ്ക്കും പഞ്ചായത്തിനും ലഭിക്കുന്നരീതിയിൽ നിയമം ഭേദഗതി ചെയ്ത് കോള കമ്പനി അടച്ചുപൂട്ടണമെന്ന് അഖിലേന്ത്യ ഐക്യദാർഢ്യസമ്മേളനം ആവശ്യപ്പെട്ടു. സർക്കാരിൽനിന്ന് കൂടുതൽ ശക്തമായ നടപടി പ്രതീക്ഷിക്കുന്നതായി സമ്മേളനം ഉദ്ഘാടനം ചെയ്ത മേധാ പട്ക്കർ ആവശ്യപ്പെട്ടു. വന്ദന ശിവ, സുരേന്ദ്ര മോഹൻ, രാജേന്ദ്ര സിംഗ്, മുരളീധർ റാവു, പി.വി. രാജഗോപാൽ, അഡ്വ. ഗുരുസ്വാമി, വിളയോടി വേണുഗോപാൽ, എൻ.പി. ജോൺസൺ തുടങ്ങിയവർ പങ്കെടുത്തു. സുരേന്ദ്ര മോഹൻ (ചെയർമാൻ), എം.ജെ. വിജയൻ (കൺവീനർ).

# പ്ലാച്ചിമട സമരം തുടരും

പാലക്കാട് : പ്ലാച്ചിമട സമരം സജീവമാക്കുന്നത് സംബന്ധിച്ച് സമരസമിതിയുടെയും ഐക്യദാർഢ്യസമിതിയുടെയും ഭാരവാഹികളുടെ യോഗം ചേർന്ന് ലക്ഷ്യം നേടുന്നതുവരെ സമരം ശക്തമായി തുടരാൻ തീരുമാനിച്ചു. ആഗസ്റ്റ് 26 ന് പ്ലാച്ചിമടയിൽ സമരസമിതി കൂടും. സെപ്തംബർ 2 ന് ഐക്യദാർഢ്യസമിതിയുടെ വിപുലമായ യോഗം ചേരും. നിരാഹര സമരം താല്ക്കാലികമായി പിൻവലിച്ചെങ്കിലും സമരലക്ഷ്യങ്ങൾ നേടുന്നതുവരെ സത്യാഗ്രഹ സമരം തുടരാനും മുഖ്യമന്ത്രിയുടെ ഉറപ്പ് വിജയമാക്കി തീർക്കാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും തീരുമാനിച്ചു.